## അക്കാദമിക് മാസ്റ്റർ പ്ലാൻ

## പൈങ്ങോട്ടുപുറം എ.എൽപി സ്കൂൾ

### അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : പൈങ്ങോട്ടുപുറം എൽ പി സ്കൂൾ

വിലാസം കുന്നമംഗലം പി ഒ കോഴിക്കോട് 673571

ഫോൺ നമ്പർ 9846037987

2 സ്കൂൾ കോഡ്. : 17321
3. വിദ്യാഭ്യാസ ഉപജില്ല. : കോഴിക്കോട് റൂറൽ
4. വിദ്യാഭ്യാസ ജില്ല. : കോഴിക്കോട്
5. റവന്യൂ ജില്ല. : കോഴിക്കോട്
6. ബി ആർ സി. : കുന്നമംഗലം
6. സി ആർ സി. : കുന്നമംഗലം
7. ഗ്രാമപഞ്ചായത്ത്. : കുന്നമംഗലം . പതിനേഴാം വാർഡ്
8. ബ്ലോക്ക് പഞ്ചായത്ത്. : കുന്നമംഗലം
9. ജില്ലാ പഞ്ചായത്ത്. : കോഴിക്കോട്
10. നിയമസഭാ മണ്ഡലം. : കുന്നമംഗലം
11. ലോകസഭാ മണ്ഡലം. : കോഴിക്കോട്
12. താലൂക്ക്. : കോഴിക്കോട്
14. വില്ലേജ്. : കുറ്റിക്കാട്ടൂർ
15. ഈ മെയിൽ ഐഡി. : paingotupuram@gmail.com

### ഉള്ളടക്കം


- ആമുഖം. - പൊതുലക്ഷ്യങ്ങൾ
- മലയാളം. - ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ
- ഗണിതം. - ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ
- ശാസ്ത്രം. - ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ
- ഇംഗ്ലീഷ്. - ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ
- അറബിക്. - ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ
- കലാ പഠനം
- കായിക പഠനം
- പ്രവർത്തിപരിചയം
- പ്രവർത്തന വിശദാംശം
- ഉപസംഹാരം

## ആമുഖം

കുന്നമംഗലം ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിലാണ് പൈങ്ങോട്ടുപുറം പി സ്കൂൾ സ്ഥിതിചെയ്യുന്നത്. 1930 ലാണ് ഈ വിദ്യാലയം ആരംഭിച്ചത്. . എഴുത്തു പള്ളിക്കൂടം ആയി തുടങ്ങിയ ഈ വിദ്യാലയം 1950 ൽ പ്രൈമറി വിദ്യാലയമായി മാറി. മിയ്യാട് ഗോപാലൻ നായരുടെതായിരുന്നു ഈ വിദ്യാലയം. പിന്നീട് 2010 ൽ കുറ്റിക്കാട്ടൂർ യത്തീംഖാന സ്കൂളിൻറെ ഭാരവാഹിത്വം ഏറ്റെടുത്തു. യത്തീംഖാനയുടെ മേൽനോട്ടത്തിലാണ് ഇപ്പോൾ വിദ്യാലയം നടന്നുവരുന്നത്.. ഇപ്പോൾ ഈ വിദ്യാലയത്തിൽ 75 കുട്ടികളും 5 അധ്യാപകരും ഉണ്ട്. കൂടാതെ പ്രീ പ്രൈമറി സ്കൂളും ഇപ്പോൾ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. എൽകെജി യുകെജിയിലായി 25 ഓളം കുട്ടികളും രണ്ട് അധ്യാപകരും സ്കൂളിൽ ജോലി നോക്കുന്നു. കുന്നമംഗലം ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിൽ ഉള്ള ഏക വിദ്യാലയമാണ് പൈങ്ങോട്ടുപുറം എ എൽ പി സ്കൂൾ

നിലവിൽ കയറ്റിൽ നിന്നും ലഭിച്ച 3 ലാപ്ടോപ്പുകളിൽ രണ്ടെണ്ണം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എല്ലാ ക്ലാസിലും പ്രൊജക്ടർ സ്ക്രീന് എന്നിവ വിദ്യാലയത്തിൽ ഉണ്ട്. അധ്യാപകരുടെ സഹകരണത്തോടെ 2017 18 മുതൽ ഇൻററനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

സബ്ജില്ല ശാസ്ത്രമേള , ഗണിതശാസ്ത്രമേള സാമൂഹ്യശാസ്ത്രമേള പ്രവർത്തിപരിചയമേള കലാമേള കായികമേള അറബി കലോത്സവം എന്നിവയിൽ എല്ലാം സ്കൂളിൻറെ പങ്കാളിത്തം ഉറപ്പുവരുത്താറുണ്ട്. മോശമല്ലാത്ത തരത്തിൽ നേട്ടം കൈവരിക്കാറുമുണ്ട്.

സ്കൂളിൻറെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പ്രവർത്തിക്കുന്ന പിടിഎ എം പി ടി എ എസ് എസ് ജി കമ്മിറ്റികൾ സ്കൂളിൽ ഉണ്ട്. ഈ വർഷം മുതൽ സ്കൂളിന് സ്വന്തമായി ഒരു വാഹനവും ഉണ്ട്. കുറഞ്ഞ സ്ഥലത്ത് പ്രവർത്തിക്കുന്ന വിദ്യാലയത്തിന് സ്ഥലപരിമിതി മൂലം ഒരു കളിസ്ഥലം ഒരുക്കാൻ സാധിച്ചിട്ടില്ല. ലൈബ്രറിയിൽ ആയിരത്തിൽ പരം പുസ്തകങ്ങൾ ഉണ്ട്. ഒരു അലമാരയിൽ സജ്ജീകരിച്ചിട്ടുള്ള ലാബും സ്പോർട്സ് കിറ്റും ഗണിത ലാഭം സ്കൂളിൽ സജ്ജമാണ്.

എംഎൽഎ ഫണ്ടിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വിശാലമായ ശൗചാലയം സ്കൂളിന് ലഭ്യമായിട്ടുണ്ട്. ആധുനിക സൗകര്യത്തോടുകൂടിയ പാചകപ്പുരയും സ്റ്റോറും സ്കൂളിൽ ഉണ്ട്.. പിടിഎയുടെ സഹകരണത്തോടെ ലഭിച്ച ഡബിൾ ഡോർ ഫ്രിഡ്ജ് ജലശ്രീ ക്ലബ്ബിൻറെ വക ലഭിച്ച് വാട്ടർ പ്യൂരിഫയറും സ്കൂളിൽ ലഭ്യമാണ്.

വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

- സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- പ്രകൃതിയെ സ്നേഹിക്കുന്നവരും പ്രകൃതി പരിപാലനത്തിൽ താല്പര്യമുള്ളവരുമായി കുട്ടികളെ വാർത്തെടുക്കൽ

പൊതു ലക്ഷ്യങ്ങൾ

- സ്കൂളിലെ മുഴുവൻ  കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട ആശയങ്ങളും ധാരണകളും അതത്  ക്ളാസിൽ വച്ചുതന്നെ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും
- ഈ വിദ്യാലയം ഒരു മികവുറ്റ സാമൂഹിക വിദ്യാഭ്യാസ സ്ഥാപനമാക്കി മാറ്റും
- പ്രദേശത്തെ എല്ലാ കുട്ടികളേയും ഈ വിദ്യാലയത്തിലേക്ക് ആകർഷിപ്പിക്കും
- അർഹരായ  എല്ലാവരെയും  എൽഎസ്എസ് പരീക്ഷക്ക് സജ്ജരാക്കും എല്ലാവരെയും
- എല്ലാ മേളകളിലേക്കും ആവശ്യമായ പരിശീലനങ്ങൾ കുട്ടികൾക്ക് നൽകുകയും പങ്കെടുക്കാൻ പ്രാപ്തരാക്കുകയും ചെയ്യും
- സ്കൂൾ കായികമേള നടത്തി കുട്ടികളെ പ്രാപ്തരാക്കി സബ്ജില്ലാ മേളകളിൽ പങ്കെടുപ്പിക്കും
- വിവിധ ക്വിസ് മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തി കുട്ടികളെ അതിനനുയോജ്യമായ രീതിയിൽ പ്രാപ്തരാക്കും
- എല്ലാ കുട്ടികളെയും  ഇംഗ്ലീഷ് ഭാഷ കേട്ട് മനസ്സിലാക്കാനും അതിനനുസരിച്ച് പ്രതികരിക്കാനും ഉള്ള കഴിവുള്ളവർ ആക്കി മാറ്റും
- പഠന പിന്നോക്കക്കാർക്ക് വേണ്ട പിന്തുണ നൽകി മുൻപന്തിയിൽ എത്തിക്കാൻ വേണ്ട ശ്രമങ്ങൾ നടത്തും
- എല്ലാ കുട്ടികൾക്കും ഗണിതത്തിലെ ആശയങ്ങളും ധാരണകളും കൈവരിക്കാൻ വേണ്ട പരിശീലനം നൽകും
- അറബി പഠിക്കുന്ന കുട്ടികൾക്ക് അറബി ഭാഷ കൈകാര്യം ചെയ്യാൻ ഉള്ള കഴിവ് ഉറപ്പുവരുത്തും
- നിലവിൽ ഉള്ള സ്ഥലത്ത് ജൈവവൈവിധ്യ ഉദ്യാനം ഒരുക്കും
- ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും
- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് സമ്പൂർണ്ണ ശുചിത്വം എന്നിവ പാലിക്കാൻ കുട്ടികളെ പ്രാപ്തരാക്കും

അക്കാദമിക് മാസ്റ്റർ പ്ലാൻ - മലയാളം

- വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് എന്ന ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുന്നോട്ട് എത്തിച്ച് അവർക്ക് കൂടി എഴുത്തും വായനയും പ്രാപ്തമാക്കുന്നു.

പ്രശ്നം:
ചിഹ്നം ചേർത്ത് വായിക്കാനും എഴുതാനും കുട്ടികൾക്ക് പ്രയാസമാണ്

ലക്ഷ്യം:

- എല്ലാ കുട്ടികൾക്കും എഴുത്തും വായനയും പ്രാപ്തമാക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കും
- പഠന പിന്നോക്കകാർക്കുള്ള പരിഹാരബോധന പ്രവർത്തനങ്ങൾ നടത്തും
- ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവ വികസിപ്പിക്കും ഹോം ലൈബ്രറി എല്ലാ കുട്ടികൾക്കും നിർബന്ധമാക്കും
- ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉപയോഗപ്പെടുത്തും
- എല്ലാ കുട്ടികളെയും സ്കൂളിനടുത്തുള്ള വായനശാലയിൽ അംഗങ്ങളാക്കും
- വായനയും എഴുത്തും ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തും.
- ക്ലാസ് മാഗസിൻ സ്കൂൾ മാഗസിൻ എന്നിവയുടെ വായന എഴുത്ത് എന്നിവ പരിപോഷിപ്പിക്കും
- ഭിന്ന നിലവാരക്കാരെ പരിഗണിക്കുന്ന രീതിയിൽ ക്ലാസ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ (ശ്രദ്ധ) | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• ചിത്രം -അടിക്കുറിപ്പ് കഥ പറയൽ കഥ എഴുതൽ കഥയുടെ തുടർച്ച<br>• കഥാ പ്രസവ വായന മാസിക നിർമ്മാണം | • ജൂൺ ജൂലായ്<br>• ആഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ<br>• ഒക്ടോബർ മുതൽ ഡിസംബർ വരെ<br>• ഫെബ്രുവരി | ക്ലാസ് ടീച്ച<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | 1000<br>പിടിഎ<br>എസ് എസ് ജി | എച്ച് എം |

# ശാസ്ത്രം

## ലക്ഷ്യങ്ങൾ

1. കൗതുക ജിയാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കും
2. പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തും
3. പ്രകൃതിയിലുള്ള മനുഷ്യൻറെ ഇടപെടലുകൾ വേഗം പൂർവ്വമാക്കാനുള്ള തന്ത്രങ്ങൾ മനസ്സിലാക്കും
4. പ്രകൃതിയിലെ പരസ്പര ആശ്രയത്വം തിരിച്ചറിയാനുള്ള ശേഷി വർദ്ധിപ്പിക്കും
5. വ്യക്തി ശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കും
6. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തും
7. സ്വായത്തമായ അറിവുകൾ ജീവജാലങ്ങളുടെ, സമൂഹത്തിന്റെ നന്മയ്ക്കായി വിനിയോഗിക്കാനുള്ള പ്രാപ്തി നേടും
8. ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തും

## ഗണിതം

ഗണിത ആശയങ്ങൾ കുട്ടികളുടെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കണം. കുട്ടികളിൽ ഗണിതശേഷി വളർത്തുന്നതോടൊപ്പം തന്നെ ഗണിത പഠനത്തിൽ താല്പര്യ ജനിപ്പിക്കാൻ കൂടി കഴിഞ്ഞാൽ ഗണിത പഠനം രസകരമായി അനുഭവമായി മാറും

## പ്രശ്നം

ചതുഷ്ക്രിയകൾ ഉപയോഗിച്ച് പ്രായപ്രശ്നം നിർത്താൻ ചെയ്യാൻ എല്ലാ കുട്ടികൾക്കും കഴിയുന്നില്ല

## ലക്ഷ്യങ്ങൾ

- ഗണിത ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുക

- ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠി പദ്ധതി അനുസരിച്ച് ആശയങ്ങളും ശേഷികളും ലഭിച്ചു എന്ന് ഉറപ്പുവരുത്തുക
- ഐടിഅടിസ്ഥിതവും പ്രക്രിയ ബന്ദിതവുമായി പ്രവർത്തനങ്ങൾ നടപ്പാക്കുക
- ഭിന്ന നിലവാരക്കാരെ പരിഗണിക്കുന്ന രീതിയിൽ പാഠാസൂത്രണം നടത്തുക
- ലൈബ്രറിയും ഗണിത ലാഭം ഫലപ്രദമായി ഉപയോഗിക്കുക

# ഇംഗ്ലീഷ്

ഭാഷാപരമായ കുട്ടികളുടെ വികസനത്തിൽ കഥകളി പാട്ട് കടങ്കഥകൾ ബസിലുകൾ എന്നിവ അവിഭാജ്യ ഘടകങ്ങളാണ്. കളികളും കടങ്കഥകളും പസിലുകളും ഭാഷാ സാംശീകരിക്കാൻ കുട്ടികളിൽ താൽപര്യം വളർത്തുന്നു. വായന കുട്ടികളെ ഭാഷാപരമായ കഴിവ് വളർത്താൻ സഹായിക്കുന്നു. കേൾവി ഭാഷണം വായന എഴുത്ത് എന്നിവ പരസ്പര ബന്ധപ്പെട്ടിരിക്കുന്നു

## പ്രശ്നം

- ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ പൊതുവേ കുട്ടികൾക്ക് മടിയാണ് ഭാഷ കേൾക്കാനും പ്രായോഗിക്കാനും അവസരങ്ങൾ കുറവാണ്

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷ കേൾക്കാനുള്ള അവസരങ്ങൾ ഒരുക്കും
- ഇംഗ്ലീഷിലുള്ള നിർദ്ദേശങ്ങൾ അനുസരിക്കാൻ പരമാവധി അവസരങ്ങൾ ഒരുക്കും
- ഇംഗ്ലീഷ് വായനയ്ക്ക് ഓരോ ക്ലാസിനും പറ്റുന്ന തരത്തിൽ ( ഭിന്ന നിലവാരക്കാരെ പരിഗണിച്ച്) വായനാ കാർഡുകൾ തയ്യാറാക്കും
- തയ്യാറാക്കിയ വായന കാർഡ് വായനയ്ക്ക് പ്രാപ്തമാക്കും

- <u>വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിന് പ്രാപ്തി നേടാൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്യും</u>

# <u>പ്രവർത്തനങ്ങൾ</u>

- കഥ കേൾക്കാം പാട്ടുപാടാം
- ഫിലിം ഫസ്റ്റ് *(* കുട്ടികൾക്ക് അനുയോജ്യമായ ഇംഗ്ലീഷ് സിനിമകൾ*)*
- വായനാ കാർഡ് തയ്യാറാക്കൽ
- വായന കാർഡ് വായന വിവിധ ഘട്ടങ്ങൾ
- നിർദ്ദേശമനുസരിച്ച് കളിക്കാം
- ചിത്രങ്ങൾ ശേഖരിക്കാം
- ചിത്രത്തിന് അനുയോജ്യമായ അടിക്കുറിപ്പുകൾ
- ചിത്രങ്ങൾ ഉപയോഗിച്ച് വ്യവഹാര രൂപത്തിലേക്ക്
- വ്യവഹാര രൂപങ്ങൾ തയ്യാറാക്കാം വിവിധ ഘട്ടങ്ങൾ

# അറബിക്

**ലക്ഷ്യങ്ങൾ:**

- എല്ലാ കുട്ടികളെയും മികച്ച വാഹനക്കാരാക്കുക
- വായന സാമഗ്രികൾ കണ്ടെത്തുക വികസിപ്പിക്കുക
- അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- അറബികന്തരീക്ഷം സൃഷ്ടിക്കൽ ക്ലബ്ബ് രൂപീകരിക്കൽ
- അറബിക് പ്രദർശനം നടത്തൽ
- നിലവാരക്കാരെ പരിഗണിക്കുന്ന രീതിയിൽ ക്ലാസ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ
- മാസിക നിർമ്മാണം
- ക്ലാസ് ലൈബ്രറി നിലവിലുള്ള ലൈബ്രറി നവീകരിക്കൽ

# കലാപഠനം

**ലക്ഷ്യങ്ങൾ:**

- കുട്ടിയുടെ കലാപരമായ കഴിവ് കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും
- ചിത്രകല സംഗീതം എഴുത്തിന്റെ വിവിധ മേഖലകൾ എന്നിവയെ കുറിച്ച് ധാരണ ഉണ്ടാക്കുന്നതിന്

## പ്രവർത്തനങ്ങൾ

- ചിത്രരചന
- ചിത്രകാരെ പരിചയപ്പെടൽ
- നാടൻ പാട്ട് കളരി
- കവിത പരിചയപ്പെടൽ
- കവിത ചൊല്ലൽ
- കവിതയ്ക്ക് വരി ചേർക്കൽ
- കഥ കേൾക്കാം പറയാം എഴുതാം
- ചിത്രത്തിന് അനുയോജ്യമായ രീതിയിൽ കവിത കഥ തുടങ്ങിയവയുടെ എഴുത്ത്

# കായിക വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ**

- കായിക ക്ഷമത ഉറപ്പാക്കാൻ സ്ഥലസൗകര്യം ഒരുക്കൽ
- ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രധാനം ചെയ്യൽ മാസ്സ് ഡ്രിൽ
- സുംബാ ഡാൻസ് പരിശീലനം
- ക്ലാസിന് അനുയോജ്യമായ രീതിയിലുള്ള കായിക പരിശീലനങ്ങൾ
- കുട്ടികളിൽ ആത്മവിശ്വാസം ക്ഷമാ ശീലം പരസ്പരം അംഗീകരിക്കാനുള്ള മനസ്സ് മത്സരബുദ്ധി എന്നിവ വളർത്തുന്നതിന്

## പ്രവർത്തനങ്ങൾ

- കളി ഉപകരണങ്ങൾ ഉപയോഗിച്ച് സ്കൂളിലെ പരിമിത സൗകര്യങ്ങളിൽ കളിക്കുന്നു
- കുട്ടികൾക്ക് കളിക്കാനുള്ള സ്ഥലം കണ്ടെത്തുന്നു
- ആയുസഞ്ചാരമുള്ള ഒരു മുറി പരിശീലനത്തിനായി സജ്ജമാക്കുന്നു
- സ്കൂളിൽ കരാട്ടെ പരിശീലനം ആരംഭിക്കുന്നു
- ആഴ്ചയിൽ ഒരിക്കൽ സുംബാ ഡാൻസ് പരിശീലനം നടത്തുന്നു
- സബ്ജില്ലാ കായികമേളയ്ക്ക് വേണ്ട പരിശീലനം ഉറപ്പാക്കുന്നു

# പ്രവർത്തിപരിചയം

## ലക്ഷ്യങ്ങൾ

- കുട്ടികളിൽ സർഗ്ഗവാസന വളർത്താൻ
- ഭാവിയിലേക്ക് ഒരു കൈത്തൊഴിൽ സ്വായത്തമാക്കാൻ
- കുട്ടികളിലെ ഏകാഗ്രത പരിപോഷിപ്പിക്കാൻ
- കുട്ടികളിൽ ക്ഷമാശീലവും സൂക്ഷ്മതയും വളർത്താൻ
- ആയാസകരമായ പേശി ചലനത്തിന്
- പാഴ് വസ്തുക്കൾ ഉപയോഗപ്രദമാക്കുന്നതിന്
- ഒരു പരിധി വരെ പ്ലാസ്റ്റിക് നിർമാർജനം ചെയ്യുന്നതിന്

## പ്രവർത്തന വിശദീകരണം

### മലയാളം:

### ദീർഘകാല പ്രവർത്തനങ്ങൾ

- എഴുത്തുകൂട്ടം
- പതിപ്പ് മാഗസിൻ
- ബാലസഭ
- രചയിതാക്കളെ പരിചയപ്പെടൽ
- ഭാഷ പിന്നോക്കകാർക്ക് പരിശീലനം
- വയനാ പരിപോഷണം
- വായന കാർഡ് നിർമ്മാണം

## മധ്യകാല പ്രവർത്തനങ്ങൾ

- ക്ലാസ് ലൈബ്രറി
- ഓരോ കുട്ടിക്കും ഹോം ലൈബ്രറി
- ദിനാചരണം
- വിദ്യാരംഗം
- ഡിജിറ്റൽ ലൈബ്രറി

# ഗണിതം

ദീർഘകാല പ്രവർത്തനങ്ങൾ

- ഗണിത മേള
- ഗണിത ക്വിസ് ആഴ്ചയിലൊരിക്കൽ
- പഠനോപകരണ ശിൽപ്പശാല
- ഗണിത മാസിക
- കമ്പ്യൂട്ടർ അടിസ്ഥാന ഗണിത പഠനം
- ശാസ്ത്ര മൂല ഉരുക്കൽ

## മധ്യകാല പ്രവർത്തനങ്ങൾ

- ഗണിത ലാബ്
- പഠനോപകരണം നിർമ്മാണം

# ഇംഗ്ലീഷ്

ദീർഘകാല പ്രവർത്തനങ്ങൾ*:*

- ചിത്രങ്ങൾ ശേഖരിക്കാൻ
- ചിത്രങ്ങൾക്ക് അനുയോജ്യമായ വിവരണം തയ്യാറാക്കൽ
- വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ
- ഫിലിം ഫെസ്റ്റ്
- ഇംഗ്ലീഷ് വായന കാർഡ് നിർമ്മാണം
- ഇംഗ്ലീഷ് സ്റ്റോറി റൈറ്റിംഗ്
- മാഗസിൻ

# അറബിക്

### ദീർഘകാല പ്രവർത്തനങ്ങൾ:

- അറബി വായന കാർഡ് നിർമ്മാണം
- അറബി എക്സിബിഷൻ
- മാഗസിനിലേക്കുള്ള വിഭവം സമാഹരണം

## മധ്യകാല പ്രവർത്തനം:

- അറബിക് ലൈബ്രറി
- മാഗസിൻ നിർമ്മാണം

# ഉപസംഹാരം

സ്കൂളിൻറെ പരിസരത്തുള്ള എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കാനും അവരുടെ സമഗ്ര വികസനം സാധ്യമാക്കാനും സ്കൂളിനായി ഒരു ലൈബ്രറി ലബോറട്ടറി കളിസ്ഥലം എന്നിവ നിർമ്മിച്ചു കിട്ടാനും ഈ വികസനരേഖ ഉപകാരപ്പെടും എന്ന് പ്രതീക്ഷിക്കുന്നു ഈ രേഖയിൽ ഇനിയും കൂട്ടിച്ചേർക്കലുകൾ ഉണ്ടാകും.